## പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1777

05/12/2014-ൽ മറുപടിക്ക്

### സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളിൽ കുടുംബശ്രീയുടെ പങ്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എ.എം.ആരിഫ് | | ഡോ.എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ) | |
| (എ) | സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളിൽ കുടുംബശ്രീയുടെ പങ്ക് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ഉണ്ട്.<br>സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി നടന്നുവരുന്ന തുടർ പരിപാടിയായ സ്ത്രീപദവി സ്വയംപഠന പ്രവർത്തനങ്ങളുടെ ഭാഗമായുള്ള എല്ലാ പരിപാടികളുടെയും വിലയിരുത്തൽ സംസ്ഥാനതലത്തിൽ രണ്ട് മാസത്തിലൊരിക്കൽ നടക്കുന്നുണ്ട്. അതുപോലെ ജില്ലാ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങളുടെ റിവ്യൂവും ഇംപാക്ട് അസസ്മെന്റും എല്ലാ മാസവും നടക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് പുതിയ പരിപാടികൾ ആസൂത്രണം ചെയ്യുന്നതും നിലവിലെ പ്രവർത്തനങ്ങളുടെ പോരായ്മകൾ പരിഹരിച്ച് അനുയോജ്യമായ മാറ്റങ്ങളും മെച്ചപ്പെടുത്തലുകളും കുടുംബശ്രീ സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളിൽ ഉണ്ടാക്കുന്നത്. |
| (ബി) | നിലവിൽ എത്ര സി.ഡി.എസ് കളും എ.ഡി.എസ്.കളും അയൽക്കൂട്ടങ്ങളും ഉണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; | (ബി) | അനുബന്ധമായി ചേർക്കുന്നു. |
| (സി) | കുടുംബശ്രീയുടെ പ്രവർത്തനാരംഭം കുറിച്ച ആലപ്പുഴ നഗരസഭയിൽ എത്ര സി.ഡി.എസ് കളും എ.ഡി.എസ്.കളും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടെന്നും ഇതിലൂടെ എത്ര കുടുംബങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കാനായെന്നും വ്യക്തമാക്കുമോ; | (സി) | ആലപ്പുഴ നഗരസഭയിൽ രണ്ട് സി.ഡി.എസുകളും 52 എ.ഡി.എസുകളും പ്രവർത്തിക്കുന്നുണ്ട്. ഇതിലൂടെ 20320 കുടുംബങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുവാൻ സാധിച്ചിട്ടുണ്ട്. |
| (ഡി) | നിലവിലുള്ള സി.ഡി.എസ്.കളുടെ ചെയർപേഴ്സൺമാർ ആരാണെന്നും അവർ | (ഡി) | ആലപ്പുഴ നോർത്ത് സി.ഡി.എസ്. ചെയർപേഴ്സൺ ശ്രീമതി ഷീല ജയിംസ് ആണ്. ടിയാൾ ചെയർപേഴ്സണായി 10 വർഷമായി പ്രവർത്തിക്കുന്നു. ആലപ്പുഴ സൗത്ത് സി.ഡി.എസ്.ചെയർപേഴ്സൺ ശ്രീമതി രാജേശ്വരി ഉദയൻ ആണ്. ടിയാൾ 3 വർഷമായി ചെയർപേഴ്സണായി |

| | | | |
|---|---|---|---|
| | എത്ര വർഷമായി പ്രസ്തുത സ്ഥാനങ്ങളിൽ തുടരുന്നുവെന്നും അറിയിക്കുമോ? | | പ്രവർത്തിക്കുന്നു. |
| (ഇ) | ആലപ്പുഴ നഗരത്തിലെ സി.ഡി.എസു കളുടെ ദൈനംദിന ചെലവുകളും സി.ഡി.എസ് അക്കൗണ്ടന്റുമാരുടെ ശമ്പളവും മുടങ്ങികിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (ഇ) | ഉണ്ട്.<br>സി.ഡി.എസ്.അക്കൗണ്ട ന്റുമാരുടെ ശമ്പളം ജില്ലാ മിഷനിൽ നിന്ന് 2014 ജൂൺ മാസം വരെ നൽകിയിട്ടുണ്ട്. തുടർന്നുള്ള ശമ്പളത്തിനുള്ള അപേക്ഷയും, വിനിയോഗ സാക്ഷ്യപത്രവും ലഭിച്ചിട്ടില്ല. സി.ഡി.എസിൽ നിന്ന് 2014 നവംബർ മാസം വരെയുള്ള തുക നൽകിയിട്ടുണ്ട്. 2014 സെപ്റ്റംബർ വരെയുള്ള തുക അനുവദിച്ചിട്ടുള്ളതിനാൽ തുടർന്നുള്ള ഗഡു 2014 ഡിസംബർ വരെയുള്ള പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ അനുവദിക്കുന്നതാണ്. |
| (എഫ്) | സ്വാശ്രയപദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനത്തിനുള്ള പ്രോജക്ടുകൾ നൽകി ഒരു വർഷം കഴിഞ്ഞിട്ടും പദ്ധതി തുടങ്ങുന്നതിനുള്ള അനുമതിയും സഹായവും നൽകാത്തത് എന്തുകൊണ്ടാണ്? | (എഫ്) | സ്വാശ്രയ പദ്ധതി കുടുംബശ്രീ നടപ്പിലാക്കുന്നില്ല. |
| (ജി) | കുടുംബശ്രീ ഗ്രൂപ്പുകൾ വഴി സാധാരണക്കാരുടെ സാനിട്ടേഷൻ സൗകര്യങ്ങളും ഭവനപദ്ധതിയും തുടർന്നു നടപ്പാക്കുന്നതിനും, ബയോഗ്യാസ് പ്ലാന്റുകളും മറ്റും നടത്തുന്നതിനും നടപടി സ്വീകരിക്കുമോ? | (ജി) | നിർമ്മാണ മേഖലയിൽ സ്ത്രീ പ്രാതിനിധ്യം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീ, ഹഡ്കോയുടെ സഹായത്തോടെ വനിതകൾക്ക് വിദഗ്ധ പരിശീലനം നൽകി 'കുടുംബശ്രീ കൺസ്ട്രക്ഷൻസ്' എന്ന പേരിൽ സംഘം രൂപീകരിച്ചിട്ടു ണ്ട്. ഈ സംഘം വിവിധ നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവരുന്നു. നിലവിൽ എറണാകുളം, പാലക്കാട് ജില്ലകളിലാണ് പരിശീലനം ലഭിച്ച സംഘം പ്രവർത്തിക്കുന്നത്. സംസ്ഥാന ട്രൈബൽ വകുപ്പിന്റെ കീഴിൽ എറണാകുളം ജില്ലയിലെ എടക്കാട്ടുവയലിൽ 100 വീടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം. | ജില്ല | തദ്ദേശ ഭരണ സ്ഥാപനങ്ങൾ | | സിഡിഎസ് | | വാർഡ് | | എഡിഎസ് | | അയൽക്കൂട്ടങ്ങൾ | |
|---|---|---|---|---|---|---|---|---|---|---|---|
| | | ഗ്രാമം | നഗരം | ഗ്രാമം | നഗരം | ഗ്രാമം | നഗരം | ഗ്രാമം | നഗരം | ഗ്രാമം | നഗരം |
| 1 | തിരുവനന്തപുരം | 73 | 5 | 73 | 10 | 1299 | 247 | 1302 | 291 | 22945 | 5909 |
| 2 | കൊല്ലം | 70 | 4 | 70 | 5 | 1274 | 157 | 1273 | 157 | 18384 | 2237 |
| 3 | പത്തനംതിട്ട | 54 | 3 | 54 | 4 | 811 | 99 | 816 | 99 | 9053 | 611 |
| 4 | ആലപ്പുഴ | 73 | 5 | 73 | 8 | 1186 | 186 | 1186 | 185 | 17149 | 2285 |
| 5 | കോട്ടയം | 73 | 4 | 73 | 5 | 1180 | 141 | 1180 | 141 | 13887 | 1326 |
| 6 | ഇടുക്കി | 53 | 1 | 53 | 1 | 814 | 35 | 802 | 20 | 11867 | 162 |
| 7 | എറണാകുളം | 84 | 12 | 84 | 16 | 1369 | 443 | 1371 | 438 | 16419 | 4350 |
| 8 | തൃശൂർ | 88 | 7 | 88 | 12 | 1501 | 288 | 1579 | 439 | 20170 | 3119 |
| 9 | പാലക്കാട് | 91 | 4 | 91 | 5 | 1542 | 150 | 1542 | 201 | 18607 | 1708 |
| 10 | മലപ്പുറം | 100 | 7 | 100 | 10 | 1902 | 278 | 1905 | 421 | 21694 | 2501 |
| 11 | കോഴിക്കോട് | 75 | 3 | 75 | 7 | 1335 | 166 | 1338 | 213 | 22706 | 3938 |
| 12 | വയനാട് | 25 | 1 | 25 | 1 | 459 | 28 | 459 | 28 | 8855 | 190 |
| 13 | കണ്ണൂർ | 81 | 6 | 81 | 6 | 1345 | 244 | 1352 | 331 | 16677 | 2052 |
| 14 | കാസർഗോഡ് | 38 | 3 | 38 | 4 | 663 | 113 | 668 | 157 | 9035 | 1067 |
| ആകെ | | **978** | **65** | **978** | **94** | **16680** | **2575** | **16773** | **3121** | **227448** | **31455** |
| | | **1043** | | **1072** | | **19255** | | **19894** | | **258903** | |